നാഷണൽ ഹൈവേയിലുള്ള മേജർ പാലങ്ങൾ

1060 [1682] ശ്രീ. പിണറായി വിജയൻ:

,, എം.വി. രാഘവൻ:

,, പി. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ ഹൈവേയിലുള്ള എത്ര മേജർ പാലങ്ങൾ നിർമ്മാണത്തിലിരിയ്ക്കുന്നു;

(ബി) ഇതിൽ ബലിയപട്ടം പാലം ഉൾപ്പെടുമോ?

ഉത്തരം

(എ) 5 (അഞ്ച്).

(ബി) ഉൾപ്പെടും.

പാല-കോച്ചോട്-മൗവ്വഞ്ചേരി റോഡ്

1061 [1683] ശ്രീ. പി.പി.വി. മൂസ്സ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാല-കോച്ചോട്-മൗവ്വഞ്ചേരി റോഡ് പി.ഡബ്ലിയു.ഡി. ഏറെറടുത്തു കഴിഞ്ഞോ;

(ബി) എങ്കിൽ ഈ റോഡിന്റെ റിപ്പയറിംഗിനുവേണ്ടി എത്ര സംഖ്യ വകയിരുത്തിയിട്ടുണ്ട്;

(സി) ഇതിന്റെ പ്രവൃത്തി എപ്പോൾ തുടങ്ങും;

(ഡി) എപ്പോൾ പൂർത്തിയാകും എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഏറെറടുക്കുവാൻ ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഈ റോഡിന്റെ മെച്ചപ്പെടുത്തൽ പണിക്കുവേണ്ടി 20,000 രൂപ ഈ വർഷത്തെ ബഡ്ജറിൽ വകയിരുത്തിയിട്ടുണ്ട്.

(സി, ഡി) ഈ റോഡുപണിക്കുവേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ് നിലവിലുള്ള നിരക്കനുസരിച്ച് പുതുക്കി വരുന്നു. പുതുക്കിയ എസ്റ്റിമേറിന് ഭരണാനുവാദം കൊടുത്ത് പണി ടെണ്ടർ ചെയ്ത് കരാറുകാരനെ ഏൽപ്പിച്ചതിനുശേഷമേ പണി ആരംഭിക്കാൻ സാദ്ധ്യമാകു. അതുകൊണ്ട് പണി എന്നു തുടങ്ങുമെന്നോ എപ്പോൾ പൂർത്തിയാകുമെന്നോ കൃത്യമായി പറയാൻ നിർവ്വാഹമില്ല.

വലിയന്നൂർ-നായാട്ടുപാറ റോഡ്

1062 [1684] ശ്രീ. പി.പി.വി. മൂസ്സ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) വലിയന്നൂർ-നായാട്ടുപാറ റോഡിന് ഈ വർഷത്തിൽ വകയിരുത്തിയ സംഖ്യ എത്ര;

(ബി) ഈ റോഡിന്റെ പണി എതുവരെ പൂർത്തിയാക്കാനാണ് ഈ വർഷം ഉദ്ദേശിക്കുന്നത്;

(സി) ഈ റോഡിന്റെ പണി എപ്പോഴം പൂർത്തിയാക്കാൻ കഴിയും?

ഉത്തരം

(എ) 20,000 രൂപ.

(ബി) ഈ റോഡിന്റെ മൊത്തം ദൂരത്തിന്റേയും മെച്ചപ്പെടുത്തൽ പണിക്കുവേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ് നിലവിലുള്ള റേറ് അനുസരിച്ച് പുതുക്കുകയാണ്. അതേസമയംതന്നെ ഈ റോഡിൽ ബസ്സു ഗതാഗതം ഉള്ളതും കൂടുതൽ കേടുവന്നതുമായ ഭാഗങ്ങളം വെള്ളപ്പൊക്ക കെടുതികളംമൂലം നാശംസംഭവിച്ച റോഡുകളം നന്നാക്കുന്ന പദ്ധതിയിൻകീഴിൽ റിപ്പേർ ചെയ്തുവരുന്നു.

(സി) ഈ റോഡിന്റെ മെച്ചപ്പെടുത്തൽ പണികളംക്കുള്ള പുതുക്കിയ എസ്റ്റിമേറിനു അംഗീകാരം കൊടുത്ത് ടെണ്ടർ ചെയ്തു പണി കരാറുകാരനെ ഏൽപ്പിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് പണി എന്നു പൂർത്തിയാകുമെന്നു പറയാൻ നിർവ്വാഹമില്ല. എന്നാൽ ഈ റോഡിന്റെ ഇപ്പോഴം നടത്തിവരുന്ന റിപ്പേർ വർക്ക് ഉടനെ തീരുന്നതാണ്.

മയ്യിൽ - കാഞ്ഞിരോട് റോഡ്

1063 [1685] ശ്രീ. പി. പി. വി. മൂസ്സ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയ്യിൽ - കാഞ്ഞിരോട് റോഡ് പി.ഡബ്ലിയു.ഡി. ഏറെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഈ റോഡിന്റെ നിർമ്മാണത്തിനായി അടുത്ത രണ്ടു വർഷത്തിനുള്ളിൽ എത്ര തുക ചെലവാകുമെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ റോഡ് പൂർത്തിയാക്കുവാൻ അടുത്ത രണ്ടു വർഷത്തിനുള്ളിൽ 21,37,000 രൂപ ചെലവാകുമെന്നു പ്രതീക്ഷിക്കുന്നു.

ബംഗ്ലാവ് കടവ് പാലം നിർമ്മാണം

1064 [1687] ശ്രീ. കെ.എ. മാത്യു: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടശ്ശേരിക്കര പഞ്ചായത്തിൽ ബംഗ്ലാവ്കടവിൽ ഒരു പാലം നിർമ്മിക്കാൻ വേണ്ട നടപടികളം ത്വരിതപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly